പതിനഞ്ചാം കേരള നിയമസഭ

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി
(2023–2026)

എഴുപത്തിമൂന്നാമത് റിപ്പോർട്ട്

(2025 ഒക്ടോബർ 6-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

പതിനഞ്ചാം കേരള നിയമസഭ

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി
(2023-2026)

എഴുപത്തി ഒന്നാമത് റിപ്പോർട്ട്

സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിനെ സംബന്ധിച്ച് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2016 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കി സമിതി (2019-21)യുടെ 122-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട്.

(2025 ഒക്ടോബർ 6-ാം തീയതി സഭയിൽ സമർപ്പിച്ചത്)

ഉള്ളടക്കം

		പേജ്
സമിതിയുടെ ഘടന	....	V
ആമുഖം	....	VII
റിപ്പോർട്ട്	....	1

<u>പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2023–2026)</u>

<u>ഘടന</u>

<u>ചെയർപേഴ്സൺ</u> :

ശ്രീ. ഇ. ചന്ദ്രശേഖരൻ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അനിൽകുമാർ

ശ്രീ. അൻവർ സാദത്ത്

ശ്രീ. അഹമ്മദ് ദേവർകോവിൽ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. കെ. പി. മോഹനൻ

ശ്രീ. ഡി. കെ. മുരളി

ശ്രീ. പി. നന്ദകുമാർ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ശ്രീ. പി. ഉബൈദുള്ള

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി ഷീബാ വർഗീസ്, ജോയിന്റ് സെക്രട്ടറി

ശ്രീ. അനിൽ കുമാർ ബി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. മോഹനൻ ഒ., അണ്ടർ സെക്രട്ടറി

ആമുഖം

സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡിനെ സംബന്ധിച്ച് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2016 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കി സമിതി (2019-21)യുടെ 122-ാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച പത്രിക അടിസ്ഥാനമാക്കി തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച പത്രിക 16.06.2022, 03.06.2025 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിച്ചു.

സമിതി (2023-2026)യുടെ 29.09.2025-ലെ യോഗം ഈ റിപ്പോർട്ട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

നടപടിപത്രിക പരിഗണിക്കുന്ന വേളയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളയ്ക്ക് സമിതി നന്ദി അറിയിക്കുന്നു.

ഇ. ചന്ദ്രശേഖരൻ,

ചെയർപേഴ്സൺ,

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി.

തിരുവനന്തപുരം,

29.09. 2025

റിപ്പോർട്ട്

സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനത്തെ സംബന്ധിച്ച് ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 2016 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയിട്ടുള്ള സമിതി (2019-21)യുടെ 122-ാമത് റിപ്പോർട്ട് 2021 ജനുവരി 18-ന് സഭയിൽ സമർപ്പിച്ചു.

പ്രസ്തുത റിപ്പോർട്ടിൽ വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട 6 ശിപാർശകളാണ് ഉൾപ്പെട്ടിരുന്നത്. എല്ലാ ശിപാർശകളിന്മേലും സർക്കാർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ നടപടിപത്രിക സമിതി (2021-23)യുടെ 16.06.2022-ൽ ചേർന്ന യോഗത്തിൽ പരിഗണിക്കുകയും 4, 6 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ അധികവിവരം ആരായുകയും മറ്റു മറുപടികൾ അംഗീകരിക്കുകയും ചെയ്തു. സർക്കാരിൽ നിന്നും 11.01.2025-ൽ ലഭ്യമാക്കിയ പ്രസ്തുത അധികവിവര റിപ്പോർട്ട് 03.06.2025-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. സമിതിയുടെ ശിപാർശകളും, അവയിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ മറുപടിയും അധികവിവരങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

സമിതിയുടെ ശിപാർശകളും അവയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും

ക്രമ നം.	ഖണ്ഡിക നം.	ശിപാർശ	നടപടി
1	1	ഡീസൽ ലോക്കോ മോഡേണൈസേഷൻ വർക്സ്, പാട്യാല(ഡി.എം.ഡബ്ല്യൂ) നിഷ്കർഷിച്ച അളവുകളിൽ നിന്ന് വ്യത്യസ്തമായി കാംഷാഫ്റ്റ്ഗിയർ നിർമ്മിച്ചതിനാൽ 681 ഗിയറുകൾ ഡി.എം.ഡബ്ല്യു നിരസിച്ചതായും നിഷ്കർഷിച്ച അളവുകൾക്ക് അനുസരിച്ച് ഉല്പന്നം വിതരണം ചെയ്യുന്നതിനുള്ള കമ്പനിയുടെ പ്രാപ്തി സംബന്ധിച്ച് വിലയിരുത്താതെ ടെണ്ടർ നടപടികളിൽ പങ്കെടുത്ത് ടെണ്ടർ സ്വീകരിച്ചത് 8.48 ലക്ഷം രൂപയുടെ നഷ്ടത്തിനും 2.13 കോടി രൂപയുടെ ഉല്പന്നങ്ങൾ നിഷ്ക്രിയമായി കെട്ടിക്കിടക്കുന്നതിനും ഇടയാക്കിയെന്ന് സമിതി നിരീക്ഷിച്ചു. ദീർഘവീക്ഷണമോ ആസൂത്രണമോ ഇല്ലാതെ ടെണ്ടർ നടപടികളിൽ പങ്കെടുത്ത കമ്പനിയുടെ നടപടി മാനേജ്മെന്റിന്റെ കഴിവില്ലായ്മയെ കാണിക്കുന്നു എന്ന് വിലയിരുത്തിയ സമിതി, ഡി.എം.ഡബ്ല്യൂ നിഷ്കർഷിച്ച പ്രകാരമുള്ള കാം ഷാഫ്റ്റ് ഗിയർ നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് പ്രസ്തുത കാലയളവിൽ കമ്പനിയിൽ നിലവിലുണ്ടായിരുന്ന	മൂല്യ വർദ്ധിത ഫോർജിംഗ്സുകൾ നിർമ്മിച്ചു നൽകുന്നതിനായി റെഡി റ്റു ഫിറ്റ് കണ്ടീഷനിൽ ഗിയറുകൾ നിർമ്മിച്ച് നൽകുന്നതിനുള്ള ടെണ്ടറുകളിൽ ദീർഘവീക്ഷണത്തോടുകൂടി എസ്.ഐ.എഫ്.എൽ. പങ്കെടുക്കുകയും ഇത്തരത്തിലുള്ള ഗിയറുകൾ നിർമ്മിക്കുന്നതിനുള്ള എല്ലാവിധ സജ്ജീകരണങ്ങളും കമ്പനിയിൽ ഉള്ളതിന്റെ അടിസ്ഥാനത്തിൽ മത്സാരാധിഷ്ഠിത ടെണ്ടർ വഴി ഡി.എം.ഡബ്ല്യൂ-ൽ നിന്ന് ഗിയറുകൾ മെഷീൻ ചെയ്ത് കൊടുക്കുന്നതിനുള്ള ഓർഡർ ലഭിക്കുകയും ചെയ്തിട്ടുണ്ട്. അന്നത്തെ സജ്ജീകരണങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓർഡർ സമയ ബന്ധിതമായി പൂർത്തീകരിക്കുവാൻ കഴിയും എന്ന് കണ്ടതിനാൽ 3 കാം ഷാഫ്റ്റ് ഗിയറുകൾ സാമ്പിളായി നിർമ്മിച്ച് ഡി.എം.ഡബ്ല്യൂ ക്ക് കൊടുക്കുകയും റെയിൽവേയുടെ ഇൻസ്പെക്ഷൻ വിംഗ് ഇവ കരാർ ചട്ട പ്രകാരം അംഗീകരിക്കുയുമുണ്ടായി. ഇതിന്റെ

		സജ്ജീകരണങ്ങൾ/ സൗകര്യങ്ങൾ സംബന്ധിച്ചും എന്തൊക്കെ സജ്ജീകരണങ്ങളുടെ / സൗകര്യങ്ങളുടെ അപര്യാപ്തതയാണ് ഡി.എം.ഡബ്ല്യൂ നിഷ്കർഷിച്ച അളവുകളിൽ നിന്നും വ്യത്യസ്തമായി കാം ഷാഫ്റ്റ് ഗിയറുകൾ നിർമ്മിക്കാൻ ഇടയാക്കിയത് എന്നത് സംബന്ധിച്ചുമുള്ള വിശദീകരണം ലഭ്യമാക്കാൻ നിർദേശിക്കുന്നു.	അടിസ്ഥാനത്തിൽ ഫോർജ്ജ് ചെയ്ത് മെഷീൻ ചെയ്ത ഗിയറുകൾ റെയിൽവെയുടെതന്നെ ഇൻസ്പെക്ഷൻ ഏജൻസിയായ റൈറ്റ്സ്, ഇൻസ്പെക്ഷൻ പൂർത്തീകരിച്ച് ഡി.എം.ഡബ്ല്യൂലേക്ക് അയച്ചു. എന്നാൽ ഈ ഫോർജിംഗുകൾ, ഡി.എം.ഡബ്ല്യൂയിൽ നിന്ന് ഡി.എം.ഡബ്ല്യൂ രൂപകല്പന ചെയ്ത ഫിക്സ്ച്ചർ ഉപയോഗിച്ച് ഇൻസ്പെക്ഷൻ നടത്തുകയും നിരസിക്കപ്പെടുകയുമാണ് ഉണ്ടായത്. ഇതിന്റെ അടിസ്ഥാനത്തിൽ ഡി.എം.ഡബ്ല്യൂയും എസ്.ഐ.എഫ്.എൽ-ഉം റൈറ്റ്സ് (റെയിൽവെ ഇൻസ്പെക്ഷൻ ഏജൻസി)യും സംയുക്തമായി നടത്തിയ പരിശോധനയിൽ ഫോർജിംഗ്സുകൾ നിരസിക്കപ്പെടുവാൻ ഉണ്ടായ സാഹചര്യം അംഗീകരിക്കുവാനുള്ള വിയോജിപ്പ് (റൈറ്റ്സും എസ്.ഐ.എഫ്.എൽ-ഉം) കാണിച്ചുകൊണ്ട് വിശദമായ റിപ്പോർട്ട് ഡി.എം.ഡബ്ല്യൂക്ക് എസ്.ഐ.എഫ്.എൽ കൊടുത്തിട്ടുമുണ്ട്. എന്നാൽ ഡി.എം.ഡബ്ല്യൂ അത് അംഗീകരിക്കാതെ മൊത്തത്തിൽ നിരാകരിച്ചു. എസ്.ഐ.എഫ്.എൽ.-ൽ ഇത്തരത്തിലുള്ള ഗിയറുകൾ നിർമ്മിക്കാനുള്ള പ്രാവീണ്യവും സജ്ജീകരണങ്ങളും സൗകര്യങ്ങളുമുണ്ട്. യാതൊരു തരത്തിലുള്ള അപര്യാപ്തതയുമില്ല.
2	2	'കാം ഷാഫ്റ്റ് ഗിയർ റെഡി റ്റു ഹോബ്' നിർമ്മിച്ച്	ഡി.എം.ഡബ്ല്യൂവിന്റെ ഇൻസ്പെക്ഷൻ വിംഗിന്

<table>
<tr>
<td></td>
<td></td>
<td>വിതരണം ചെയ്യുന്നതിന് ഡി.എം.ഡബ്ല്യൂന്റെ പക്കൽ നിന്നും ഓർഡർ നേടിയതിനുശേഷം 2013 നവംബർ 4-ാം തീയതിയായി കമ്പനി വിതരണം ചെയ്ത മൂന്ന് സാമ്പിളുകൾ ഡി.എം.ഡബ്ല്യൂ അംഗീകരിച്ചത് ഏതെല്ലാം വ്യവസ്ഥയോടെയാണെന്നും, പ്രസ്തുത വ്യവസ്ഥകൾ അനുസരിച്ച് ഗിയറുകൾ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ചും റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദേശിക്കുന്നു.</td>
<td>സാമ്പിളായി നൽകിയ 3 ഗിയറുകൾ വ്യവസ്ഥകളോടെ Accept ചെയ്യുകയും കാണപ്പെട്ട ചെറിയ പോരായ്മകൾ പരിഹരിച്ച ശേഷം ബൾക്ക് ലോട്ട് സപ്ലൈ ചെയ്യുവാൻ ഡി.എം.ഡബ്ല്യൂ നിർദേശിക്കുകയും അതുപ്രകാരം എല്ലാം പരിഹരിച്ച് റൈറ്റ്സ് ഇൻസ്പെക്ഷന് ശേഷം സപ്ലൈ നടത്തുകയും ചെയ്തു. 2013 നവംബർ 4 -ാം തീയതി കമ്പനി ഡി.എം.ഡബ്ല്യൂ വിന്റെ ഇൻസ്പെക്ഷൻ വിംഗിന് സാമ്പിളായി നൽകിയ 3 ഗിയറുകൾ
ഇൻസ്പെക്ഷൻ വിംഗ് പരിശോധിച്ച ശേഷം ചൂണ്ടി കാണിക്കപ്പെട്ട വ്യത്യാസങ്ങളും കമ്പനിയുടെ ഭാഗത്ത് നിന്നും സ്വീകരിച്ച നടപടികളും താഴെപ്പറയുന്നവയാണ്
<table>
<tr><th>Sl.No.</th><th>Specified Dimensions</th><th>Defectives reported by DMW</th><th>Corrective action taken at SIFL</th></tr>
<tr><td>1</td><td>Radius : 1/6” on O.D</td><td>Not machined on all pcs.
On both sides</td><td>Corner radius 1/16” on the outer diameter machined in the next lot of sample by</td></tr>
</table>
</td>
</tr>
</table>

						modifying the CNC programme.
			2	Thd. 5/8"x11 T PI(NC)	Thd. Tight, Go guage not passing in all pcs	5/8"x11 TPI Thread depth corrected and Go guage suiting made ok.
			3	Dia. 6.29 9"/6.302"	Dia.6.3 11" in one pc.	Corrected the same by decreasing the groove depth.
			4	Depth 1.050" /1.070."	Depth 1.016"/1.018" in one pc.	Corrected the same by increasing the depth by machining.
			5	Blue matching in Bore(75%)	Approx. 45% in all pcs	Blue matching done 75% by using

			plug gauge മേൽ പറഞ്ഞ പോരായ്മകൾ പരിഹരിച്ച് റൈറ്റ്സ് ഇൻസ്പെക്ഷനോടുകൂടി കാം ഷാഫ്റ്റ് ഗിയറുകൾ വിതരണം തുടങ്ങിയിട്ടുണ്ട്.
3	3	ഡി.എം.ഡബ്ല്യൂ നിഷ്കർഷിച്ചിരുന്ന മാനദണ്ഡങ്ങൾ പ്രകാരമുള്ള ഉല്പന്നങ്ങളുടെ നിർമ്മാണത്തിൽ കൃത്യതയും സൂക്ഷ്മതയും പാലിക്കുന്നതിന് സാങ്കേതികത്തികവുള്ള ഉപകരണങ്ങൾ ആവശ്യമാണെന്നിരിക്കെ, ഗിയർ ഷെയ്പിംഗ്, ഹീറ്റ് ട്രീറ്റ്മെന്റ് എന്നിവ ചെയ്യുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങി സംഭരിക്കാതിരുന്നത് കമ്പനിയുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. ഇത്തരത്തിൽ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ടെണ്ടറുകൾ ഉറപ്പിക്കുമ്പോൾ ടെണ്ടറുകൾ സ്വീകരിക്കുന്നത് മുതൽ വിതരണം വരെയുള്ള ഘട്ടങ്ങളിൽ അതത് സ്ഥാപനങ്ങൾ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നതിന് കുറ്റമറ്റ സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.	സമയബന്ധിതമായി ഓർഡറുകൾ കൊടുക്കുന്നതിനായി കമ്പനി നിരവധി ഉൽപാദനാനന്തര പ്രവൃത്തികളായ ഹീറ്റ് ട്രീറ്റ്മെന്റ്, മെഷിനിംഗ് എന്നിവ മുൻകാലങ്ങളിൽ പുറം കരാറിൽ ചെയ്തുവന്നിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് എസ്.ഐ.എഫ്.എൽ പുറം കരാർ കൊടുക്കുകയും ചെയ്തിരുന്നത്. ഇപ്പോൾ ഇത്തരത്തിലുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ടെണ്ടറുകൾ ഉറപ്പിക്കുന്നതിന് മുന്നോടിയായി തന്നെ അതാത് ഘട്ടങ്ങളിൽ സ്ഥാപനങ്ങൾ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നതിന് കുറ്റമറ്റ സംവിധാനം ഉറപ്പുവരുത്തുന്നുണ്ട്.
4	4	ഉല്പാദനച്ചെലവിലും കുറഞ്ഞ വിലയ്ക്ക് ഗിയറുകൾ ഡി.എം.ഡബ്ല്യൂ-ന് വിതരണം ചെയ്യേണ്ടിവന്ന സാഹചര്യം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദേശിക്കുന്നു.	ഉല്പാപദന ചെലവിലും കുറഞ്ഞ വിലയ്ക്ക് ഗിയറുകൾ നാളിതുവരെ ഡി.എം.ഡബ്ല്യൂക്ക് വിതരണം ചെയ്തിട്ടില്ല. ഉൽപാദന ചെലവിനേക്കാളും കുറഞ്ഞ നിരക്കിൽ ഒരു ഓർഡറും സ്വീകരിച്ചിട്ടില്ല.

		<u>സമിതി ആരാഞ്ഞ അധിക വിവരം</u> ഉല്പാദനച്ചെലവിലും കുറഞ്ഞ വിലയ്ക്ക് ഗിയറുകൾ ഡി.എം.ഡബ്ല്യൂ-ന് വിതരണം ചെയ്യേണ്ടി വന്ന സാഹചര്യം സംബന്ധിച്ച വിഷയത്തിൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.	ഒരു കാം ഷാഫ്റ്റ് ഗിയറിന് DMW കമ്പനിക്ക് നൽകുന്ന കരാർ വില 28775/- രൂപയാണെന്നും ഒരു കാം ഷാഫ്റ്റ് ഗിയറിന്റെ നിർമ്മാണത്തിന് അസംസ്കൃത വസ്തുവിന് കിലോഗ്രാമിന് 68 രൂപ നിരക്കിൽ ആകെ 13308/- രൂപയും ഉല്പാദന ചെലവായി 4851 രൂപയും സ്ഥാവര നിശ്ചിത ചെലവായി 4178/-രൂപയും മെഷീനിംഗിന് 4300/- രൂപയും ചരക്ക് കൂലിയുടെ ഭാഗമായി പാക്കേജിംഗിന് 1540 രൂപ നിരക്കിൽ ആകെ 28177/- രൂപ ചെലവായിട്ടുണ്ടെന്നും മത്സരാധിഷ്ഠിതമായ കരാറിൽ ഏർപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വില്പന തുകയായി കമ്പനി നിജപ്പെടുത്തിയത് 28795/- രൂപയാണെന്നും മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഉല്പാദന ചെലവിലും കുറഞ്ഞ വിലക്ക് കാം ഷാഫ്റ്റ് ഗിയറുകൾ ഡി.എം.ഡബ്ല്യൂക്ക് വിതരണം ചെയ്തിട്ടില്ലെന്ന് കമ്പനി അറിയിച്ചിട്ടുണ്ട്. <u>Vetting remarks of Accountant General</u> The Administrative Department has stated that the Company has not supplied cam shaft gears to DMW below the cost of production, however the documents supporting this claim were not furnished to Audit. As per the records reviewed

			during the course audit, the variable cost was ₹31,287.56/- and sale of 262 gears were accepted by DMW in three batches of 5@₹36,818.98/-, 252@₹30,987/- and 5@₹28,795/- per gear respectively.
	5	ഗിയറിന്റെ പോരായ്മകൾ പരിഹരിക്കുന്നതിന് കമ്പനി ഏൽപ്പിച്ച M/s. പാർത്ഥസാരഥി ഡി.എൻ.സി. ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡുമായി (M/s പാർത്ഥസാരഥി) ഉണ്ടാക്കിയ കരാറിനെ സംബന്ധിച്ച് തെളിവെടുപ്പ് വേളയിൽ തൃപ്തികരമായി മറുപടി ലഭ്യമാക്കാൻ ഉദ്യോഗസ്ഥർക്ക് സാധിച്ചിട്ടില്ലെന്നും, കമ്പനിയുടെ നഷ്ടത്തിന് പ്രസ്തുത കരാർ കാരണമായിട്ടുണ്ടോയെന്ന് വിലയിരുത്തുന്നതിന് ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടത് അവശ്യമാണെന്നും വിലയിരുത്തിയ സമിതി, മെസ്സേഴ്സ് പാർത്ഥസാരഥിയുമായുള്ള കരാറിന്റെ വിശദാംശങ്ങളും, കരാറിന്റെ നടത്തിപ്പിൽ വീഴ്ചയുണ്ടോയെന്നത് സംബന്ധിച്ച റിപ്പോർട്ടും ലഭ്യമാക്കാൻ നിർദ്ദേശിക്കുന്നു.	നിരസിക്കപ്പെട്ട ഗിയറുകളിൽ ഭൂരിഭാഗം ഗിയറുകളും റെയിൽവേയുടെ നിരുത്തരവാദപരമായ സ്റ്റോറേജിലൂടെ തുരുമ്പിക്കുകയും, കേടുപാടുകൾ സംഭവിക്കുകയും തുടർന്നു മെഷീൻ ചെയ്യുവാൻ ബുദ്ധിമുട്ടുള്ള രീതിയിൽ ആണ് എസ്.ഐ.എഫ്.എൽ നു തിരികെ നൽകിയത്. ഇതു പരിഹരിച്ച് വീണ്ടും നൽകുവാൻ കൂടുതൽ കാര്യക്ഷമമായ ഇൻസ്പെക്ഷൻ വേണ്ടതിനാൽ Co-ordinate Measuring Machine (CMM) facility നിലവിൽ എസ്.ഐ.എഫ്.എൽ-ൽ ഇല്ലാത്തതിനാൽ M/s. പാർത്ഥസാരഥിയെ സമീപിക്കുകയാണുണ്ടായത്. ഇതിന്റെ അടിസ്ഥാനത്തിൽ 50 ഗിയറുകൾ സാമ്പിൾ ലോട്ടായി മെഷീൻ ചെയ്യുവാനുള്ള കരാർ നൽകുകയും ആ കരാർ പ്രകാരം പൈലറ്റ് ലോട്ടായി 5 ഗിയറുകൾ മെഷീൻ ചെയ്ത് റൈറ്റ്സ് ഇൻസ്പെക്ഷൻ ചെയ്യാതെ ഡി.എം.ഡബ്ല്യു-ക്ക് അയയ്ക്കുകയും ഡി.എം.ഡബ്ല്യു അത് അംഗീകരിക്കുകയും ചെയ്തു. ഡി.എം.ഡബ്ല്യു. സാമ്പിൾ അംഗീകരിച്ചതിനെ തുടർന്ന്

			ബാക്കിയുള്ള ഗിയറുകളിൽ 10 എണ്ണം മെഷീൻ ചെയ്തത് കരാർ പ്രകാരം റൈറ്റ്സിന് ഓഫർ ചെയ്തു. എന്നാൽ ഇതിനു മുമ്പ് റൈറ്റ്സ് ഇൻസ്പെക്റ്റ് ചെയ്ത് അംഗീകരിച്ച ഗിയറുകൾ ഡി.എം.ഡബ്ല്യൂ അംഗീകരിക്കാത്തതിനാൽ റൈറ്റ്സ് ഇൻസ്പെക്ടർ തുടർപരിശോധനയിൽ നിന്ന് വിട്ടുനിൽക്കുകയും തുടർ സപ്ലൈ നിൽക്കുകയും ആണ് ഉണ്ടായത്. ഈ പ്രശ്നം പരിഹരിക്കുവാനായി എസ്.ഐ.എഫ്.എൽ., ഡി.എം.ഡബ്ല്യൂനും റൈറ്റ്സിനും കത്ത് നൽകുകയും ചെയ്തു. എന്നാൽ ഡി.എം.ഡബ്ല്യൂവിന്റെ ഭാഗത്ത് നിന്നോ റൈറ്റ്സിന്റെ ഭാഗത്ത് നിന്നോ അനുകൂലമായ ഒരു തീരുമാനവും ഉണ്ടായിട്ടില്ല. M/s പാർത്ഥസാരഥിയുമായി ഉണ്ടാക്കിയ ഈ കരാർ പ്രകാരം കമ്പനിയ്ക്ക് ഒരു നഷ്ടവും ഉണ്ടായിട്ടില്ല. സാമ്പിൾ ബാച്ച് മെഷീൻ ചെയ്തശേഷം റൈറ്റിസിന്റേയും ഡി.എം.ഡബ്ല്യൂയുടെയും ഭാഗത്ത് നിന്നും സഹകരണം ഇല്ലാത്തതിനാൽ കരാറുമായി മുന്നോട്ട് പോകുവാൻ തടസ്സം നേരിടുകയാണുണ്ടായത്. M/s പാർത്ഥ സാരഥിയ്ക്ക് വർക്ക് ഓർഡർ പ്രകാരം മെഷീൻ ചെയ്ത ഗിയറുകളുടെ ചാർജ്ജ് മാത്രമേ നൽകിയിട്ടുള്ളൂ.
	6	ഡി.ഡി.എം.ഡബ്ല്യൂ ചൂണ്ടിക്കാണിച്ച പോരായ്മകൾ പരിഹരിച്ച് നിശ്ചിത സമയത്തിനകം ഗിയറുകൾ വിതരണം നടത്താൻ കഴിയാത്തത് കമ്പനിയുടെ കെടുകാര്യസ്ഥതയാണെന്ന് വിലയിരുത്തിയ സമിതി,	681 ഗിയറുകളിൽ ഭൂരിഭാഗം ഗിയറുകളും റെയിൽവേയുടെ നിരുത്തരവാദപരമായ സ്റ്റോറേജിലൂടെ കേടുപാടുകൾ സംഭവിച്ചിട്ടുള്ളതാണ്. തുടർന്ന് മെഷീൻ ചെയ്യുവാൻ ബുദ്ധിമുട്ടുള്ള

		നിരസിക്കപ്പെട്ട 681 ഗിയറുകളുടെ ന്യൂനതകൾ പരിഹരിച്ച് ഡി.എം.ഡബ്യൂ-ന് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു. 681 ഗിയറുകളുടെ ന്യൂനതകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കാനും സമിതി നിർദ്ദേശിക്കുന്നു.	രീതിയിലാണ് എസ്.ഐ.എഫ്.എൽ-നു തിരികെ നൽകിയത്. ഇതിനെതിരെയും ജോയിന്റ് ഇൻസ്പെക്ഷനു ഏകപക്ഷീയമായി ഡി.എം.ഡബ്ല്യൂ റിജക്ട് ചെയ്തതിലുള്ള വീഴ്ച ചൂണ്ടിക്കാണിച്ചുകൊണ്ടും ഡി.എം.ഡബ്ല്യൂ നിയമിച്ച Sole Arbitrator മുമ്പാകെ ക്ലെയിം തുകയായ 3,46,23,763/- രൂപ നഷ്ടപരിഹാരമായി നൽകണമെന്നുള്ള ഹർജി ഫയൽ ചെയ്തിട്ടുള്ളതാണ്. ഡി.എം.ഡബ്ല്യൂ യുടെ ഭാഗം കേട്ടതിനുശേഷം 73,36,606/-രൂപ ആർബിട്രൽ അവാർഡ് ആയി വിധി പുറപ്പെടുവിച്ചിട്ടുള്ളതാണ്. ചില കാം ഷാഫ്റ്റ് ഗിയറുകളുടെ റ്റീത്ത് കട്ട് ചെയ്തിട്ടുള്ള നിലയിലായതിനാലും ഇത് ഉപയോഗിച്ചിട്ടുണ്ട് എന്ന കണ്ടെത്തലിനെ തുടർന്നും എസ്.ഐ.എഫ്.എൽ-ന് ഡി.എം.ഡബ്ല്യൂ നഷ്ടപരിഹാരം നൽകണമെന്ന് ആർബിട്രേറ്റർ വിധി പുറപ്പെടുവിച്ചിട്ടുള്ളതാണ് (Partial Arbitral Award). Special / General Damages ചുമത്തിയതും നിയമ വിരുദ്ധമാണെന്ന് വിധിയിൽ കണ്ടെത്തിയിട്ടുണ്ട്. ആർബിട്രൽ അവാർഡിലെ RITES Technical Inspection സംബന്ധിച്ച് ഫാക്ട് ഫൈന്റിംഗ്സ് ശരിയല്ലാത്തതുകൊണ്ടും പലിശ നൽകണമെന്നുള്ള അപേക്ഷ Interest Act പ്രകാരം പരിഗണിക്കാതിരുന്നതു കൊണ്ടും

			എസ്.ഐ.എഫ്.എൽ. മേൽ കോടതിയിൽ അപ്പീൽ നൽകുന്നതിന്റെ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.
		<u>സമിതി ആരാഞ്ഞ അധിക വിവരം.</u> ആർബിട്രൽ അവാർഡിലെ RITES Technical Inspection സംബന്ധിച്ച് ഫാക്ട് ഫൈന്റിംഗ്സ് ശരിയല്ലാത്തതുകൊണ്ടും പലിശ നൽകണമെന്നുള്ള അപേക്ഷ Interest Act പ്രകാരം പരിഗണിക്കാതിരുന്നതുകൊണ്ടും കമ്പനി മേൽ കോടതിയിൽ അപ്പീൽ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന മറുപടിയിലെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാൻ സമിതി നിർദ്ദേശിക്കുന്നു.	2013-ൽ കമ്പനി സപ്ലൈ ചെയ്തിട്ടുള്ള 681 ഗിയറുകൾ ഡി.എം.ഡബ്ല്യൂ. നിരസിക്കുകയും സപ്ലൈ ചെയ്തിട്ടുള്ള മറ്റ് ഉല്പന്നങ്ങൾക്ക് ജനറൽ ഡാമേജസ് ചുമത്തുകയും ചെയ്തിട്ടുണ്ട്. 681 ഗിയറുകളിൽ ഭൂരിഭാഗം ഗിയറുകളും റെയിൽവേയുടെ നിരുത്തരവാദപരമായ സ്റ്റോറേജിലൂടെ കേടുപാടുകൾ സംഭവിച്ചിട്ടുള്ളതാണ്. തുടർന്ന് മെഷീൻ ചെയ്യുവാൻ ബുദ്ധിമുട്ടുള്ള രീതിയിലാണ് എസ്.ഐ.എഫ്.എൽ.-ന് തിരികെ നൽകിയത്. കാം ഷാഫ്റ്റ് ഗിയർ നിരസിച്ചതുമായി ബന്ധപ്പെട്ട ആർബിട്രേഷനിൽ ജനറൽ ഡാമേജസ് ആയി ചുമത്തിയ തുക തിരികെ നൽകണമെന്ന് കമ്പനി ആവശ്യപ്പെട്ടിരുന്നു. ടി ആർബിട്രേഷൻ പ്രൊസീഡിംഗ്സ് നിലനിൽക്കെ ആർബിട്രേറ്റർ താത്ക്കാലിക ഉത്തരവിലൂടെ ജനറൽ ഡാമേജസിന്റെ റിക്കവറി നിർത്തലാക്കുകയും ഭാഗികമായി ടി തുക കമ്പനിക്ക് തിരികെ ലഭിച്ചിട്ടുള്ളതും ആണ്. റിക്കവറി തുക ഭാഗികമായി നൽകിയതിനെതിരെ കമ്പനി പാട്യാല കോടതിയിൽ ARB76/2022 നമ്പരായി അപ്പീലും ARB77/2022 നമ്പരായി ക്രോസ് അപ്പീലും ഫയൽ ചെയ്തിട്ടുള്ളതാണ്. 2013-ലെ പർച്ചേസ് ഓർഡറിൽ ഗിയറുകൾ

			നിരസിച്ചതിനാൽ 2015-ലെ പർച്ചേസ് ഓർഡറിന്മേൽ സപ്ലൈ നടത്തിയിട്ടില്ല. കമ്പനി സപ്ലൈ ചെയ്തിട്ടുള്ള മറ്റ് ഉല്പന്നങ്ങൾക്കാണ് ജനറൽ ഡാമേജസ് ആയി തുക ചുമത്തിയിട്ടുള്ളത്. ടി ആർബിട്രേഷൻ പ്രൊസീഡിംഗ്സ് നിലനിൽക്കെ, ആർബിട്രേറ്റർ താത്ക്കാലിക ഉത്തരവിലൂടെ ജനറൽ ഡാമേജസിന്റെ റിക്കവറി നിർത്തലാക്കുകയും ഭാഗികമായി ടി തുക കമ്പനിക്ക് തിരികെ ലഭിച്ചിട്ടുള്ളതും റിക്കവറി തുക ഭാഗികമായി നൽകിയതിനെതിരെ കമ്പനി പാട്യാല കോടതിയിൽ ARB77/2022 നമ്പരായി അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതും ആകുന്നു. മേൽ വിവരിച്ചിട്ടുള്ള 3 കേസുകളും പാട്യാല ജില്ലാ കോടതിയുടെ പരിഗണനയിലുള്ളതും 15% പലിശ സഹിതം ആർബിട്രേഷൻ ക്ലെയിം പെറ്റീഷനിൽ കമ്പനി ആവശ്യപ്പെട്ടിട്ടുമുണ്ട്.

ഇ. ചന്ദ്രശേഖരൻ

ചെയർപേഴ്സൺ,

പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി.

തിരുവനന്തപുരം

29.09.2025.